"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-Drainage works in Kutty sahib road-Budget work 2022-23 providing drainage facilities in Kutty sahib road in between Ch 0/400 and 0/700 എന്ന പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1093/2024/PWD തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:- പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 25/04/2024 തീയതിയിലെ CEPWD/2750/2024-C6(W)-RD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

Drainage works in Kutty sahib road-Budget work 2022-23 providing drainage facilities in Kutty sahib road in between Ch 0/400 and 0/700 എന്ന പ്രവർത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കിക്കൊണ്ട് കരാർ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശ കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. എറണാകുളം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉടമ്പടി വച്ച ശ്രീ.പി.വി.സദാനന്ദൻ എന്ന കരാറുകാരന് 24.11.2022 തീയതിയിൽ പ്രവൃത്തിയുടെ സൈറ്റ് കൈമാറിയിരുന്നു. പ്രസ്തുത റോഡിൽ അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് റോഡിനിരുവശവുമായി 600.00 മീറ്റർ കാന നിർമ്മിക്കുന്ന ജോലിയാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്നത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് ഡ്രൈനേജിന്റെ ഭാഗം പൊതുമരാമത്തു വകുപ്പിന്റെ ഭൂമിയിലാണ് എന്ന ധാരണയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രവൃത്തി നടപ്പാക്കുന്ന വേളയിലാണ് പ്രസ്തുത ഭാഗം സ്വകാര്യ ഭൂമിയാണെന്ന് ബോധ്യപ്പെട്ടതെന്നും ടി റോഡിൽ മഴ പെയ്താൽ വെള്ളം ഒഴുകിപ്പോകാതെ റോഡിനു ഇരുവശങ്ങളിലും കാനയ്ക്കകത്തു വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ ഉണ്ടാകുന്നതിനാൽ കാന മാത്രം നിർമ്മിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുകയില്ലെന്നും ആയതിനാൽ, റോഡ് ഉയർത്തി കൾവർട്ടുകൾ നിർമ്മിച്ച് സ്വകാര്യ സ്ഥല ഉടമകളുടെ സമ്മതത്തോടുകൂടി വെള്ളം ഒഴുക്കി വിടുവാനുള്ള സാഹചര്യം ഉണ്ടെങ്കിൽ മാത്രമേ ടി പ്രവൃത്തി ശരിയായ രീതിയിൽ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതുകൊണ്ടു നിലവിലുള്ള ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി ടി പ്രവൃത്തി ചെയ്യുവാൻ സാദ്ധ്യമല്ലെന്നും, scope മാറുന്നതിനാൽ പ്രവൃത്തി റീടെണ്ടർ ചെയ്യേണ്ടതുണ്ട് എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കിക്കൊണ്ട് കരാർ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിരത്ത് വിഭഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Drainage works in Kutty sahib road-Budget work 2022-23 providing drainage facilities in Kutty sahib road in between Ch 0/400 and 0/700 എന്ന പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിലവിലെ കരാറുകാരന്റെ ഭാഗത്തുനിന്നും കരാർ

ലംഘനം ഉണ്ടായിട്ടില്ല എന്നും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാത്തതെന്നും ചീഫ് എൻജിനീയർ ഒരിക്കൽ കൂടി ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാത്രം പ്രസ്തുത പ്രവർത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ റദ്ദ് ചെയ്യുന്നതിലേക്കായുള്ള ചീഫ് എൻജിനീയറുടെ ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A MUMTHAS BEEGOM
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1.ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് നിരത്തുകൾ വിഭാഗം തിരുവനന്തപുരം
2.സൂപ്രണ്ടിംഗ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,മദ്ധ്യമേഖല,ആലുവ
3.എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,എറണാകുളം
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം
5.ധനകാര്യ വകുപ്പ് (ഫയൽ നം.ഐ&പി.ഡബ്ല്യു-ബി-1/154/ധന തീയതി 06/10/2024)
6.സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 28-10-2024 15:53:14
സെക്ഷൻ ഓഫീസർ